LIBRARY ARCHIVES Kerala Legislative Assembly

ജലസമൃദ്ധ കേരളം പദ്ധതി

10 (*520) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ ഒന്നായി ഉൾപ്പെടുത്തിയിരുന്ന ജലസമൃദ്ധ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) "ജലസമൃദ്ധ കേരളം പദ്ധതി" 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ജലദൗർലഭ്യം തടയുന്നതിനായി മഴവെള്ളം ശേഖരിച്ചുവയ്ക്കുന്നതോടൊപ്പം ജലം ഭൂമിയിൽത്തന്നെ പിടിച്ചുനിർത്തുന്നതിനുമായി ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി യാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സ്കൂൾ ഹെൽത്ത് പദ്ധതി

11 (*521) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയാന്തരീക്ഷം ആരോഗ്യപൂർണ്ണമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) കുട്ടികളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ പത്ത് ശതമാനത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. അതുകൊണ്ടുള്ള പ്രയോജനം 13655 സ്കൂളുകളിലെ 46 ലക്ഷത്തോളം കുട്ടികൾക്ക് ലഭ്യമാകും.

പദ്ധതിയുടെ പ്രധാനപ്പെട്ട സവിശേഷത സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രത്യേകമായി നിയമിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരാണ് എന്നുള്ളതാണ്.

പ്രധാന ഘടകങ്ങൾ

ചികിത്സാ സേവനം:

- ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളുകളിൽ വച്ചുതന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യും.
- മാസത്തിലൊരിക്കൽ ആരോഗ്യ പ്രവർത്തകർ തെരഞ്ഞെടുത്ത കുട്ടികളെ അടുത്തുള്ള പി.എച്ച്.സി. യിൽ വൈദ്യപരിശോധനയ്ക്കായി കൊണ്ടുപോകും.
- വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തും. മരുന്നുകൾ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽനിന്നും സൗജന്യമായി ലഭിക്കും.

പ്രതിരോധ പ്രവർത്തനം:-

- വർഷത്തിലൊരിക്കൽ സ്കൂളുകളിലെ എല്ലാ കുട്ടികളേയും സ്ക്രീനിംഗ് നടത്തി വിവരങ്ങൾ ആരോഗ്യപ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റ് കലാരൂപങ്ങൾ - മുഖേനയുള്ള അവബോധം.

- പ്രതിരോധ കുത്തിവയ്പ്.

ഹെൽത്ത് ക്ലബ്ബ്

- ഹെൽത്ത് ക്ലബ്ബ് അംഗങ്ങളുടെ ശാക്തീകരണം. ഹെൽത്ത് ക്ലബ്ബുകളുടെ തുടർപ്രവർത്തനം.

(ബി) വർഷത്തിലൊരിക്കൽ സ്കൂളുകളിലെ എല്ലാ കുട്ടികളേയും ചിട്ടയായ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കി വിവരങ്ങൾ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തുകയും ഇത്തരം പരിശോധനയിലൂടെ കണ്ടെത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ സ്കൂൾ അധികൃതരുടെയും മാതാപിതാക്കളുടെയും ശ്രദ്ധയിൽപ്പെടുത്തി അവരുടെ സഹകരണത്തോടെ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ കുട്ടികളെ കൃത്യമായി തുടർച്ചയായ നിരീക്ഷണം നടത്തുക എന്നത് സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ പ്രധാനപ്പെട്ട ചുമതലയാണ്. കൂടാതെ പ്രതിരോധ കുത്തിവയ്പുകളായ ടെറ്റനസ്, റുബെല്ല വാക്സിനേഷനുകളും നൽകുന്നു. ആരോഗ്യ ബോധവൽക്കരണത്തിനായി വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, നാടകം മറ്റ് കലാരൂപങ്ങൾ മുതലായവ സ്കൂൾ ഹെൽത്ത് നഴ്സുമാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

സ്കൂൾ ഹെൽത്ത് നഴ്സുമാർ ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളുകളിൽ വച്ചുതന്നെ കൈകാര്യം ചെയ്ത് റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും കൃത്യമായി നിരീക്ഷണം നടത്തുകയും ചെയ്യുന്നു.

മാസത്തിലൊരിക്കലോ (അവശ്യഘട്ടങ്ങളിലോ) സ്കൂൾ ഹെൽത്ത് നഴ്സ് പ്രശ്നമുള്ള കുട്ടികളെ അടുത്തുള്ള പി.എച്ച്.സി./സി.എച്ച്.സി.-യിൽ വൈദ്യ പരിശോധനയ്ക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ എത്തിക്കുന്നതാണ്.

വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തിവരുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും സൗജന്യമായി ലഭിക്കും.

(സി) സ്കൂൾ ഹെൽത്ത് പദ്ധതിയുടെ അവിഭാജ്യഘടകമാണ് കാലാകാലങ്ങളിൽ നടത്തുന്ന അവലോകനം.

1. ബഹു. ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ്, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവരുടെ അഭിമുഖ്യത്തിൽ എല്ലാ മാസവും സ്റ്റേറ്റിൽ നടക്കുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

2. ജില്ലാതല അവലോകനം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ നടക്കുന്നു.

3. ബ്ലോക്ക് തലത്തിലും പ്രൈമറി ഹെൽത്ത് സെന്റർ തലത്തിലും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

4. കൂടാതെ സ്കൂൾ ഹെൽത്ത് പ്രോഗ്രാം, കൗമാര ആരോഗ്യ പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുമാത്രമായി സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ ജില്ലാതല റിവ്യൂ മീറ്റിംഗ് എല്ലാ മാസവും നടത്തുന്നുണ്ട്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

12 (*522) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) സ്വീകരിച്ചുവരുന്നു.

(ബി) തോട്ടങ്ങളുടെ സുഗമമായ പ്രവർത്തനവും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുക എന്നതുമാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly